അധിക വേതനം തിരിച്ചു പിടിക്കാൻ നടപടി

93 (2542) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. കെ. മണി :
ശ്രീ. എ. പി. അനിൽകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കാർഷിക സർവ്വകലാശാലയിലെ ടീച്ചിംഗ് സ്റ്റാഫിന് ക്രമരഹിതമായി യു.ജി.സി. സ്കെയിൽ അനുവദിച്ചതുമൂലം അധികം നൽകുവാനിടയായ തുക ഒരു നിശ്ചിത തീയതിക്കുമുമ്പ് തിരികെ പിടിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് തീയതിക്ക് മുമ്പ് ആ തുക പിടിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത് ;

(സി) അതനുസരിച്ച് കാർഷിക സർവ്വകലാശാല പ്രവർത്തിച്ചുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ഗവൺമെന്റ് ശിക്ഷാ വിധേയമായി നൽകുന്ന നിർദ്ദേശം പാലിക്കുവാൻ കാർഷിക സർവ്വകലാശാല ബാദ്ധ്യസ്ഥമാണോ ; എങ്കിൽ ഇക്കാര്യത്തിലുള്ള നിർദ്ദേശം നടപ്പാക്കാതിരുന്നതിന്റെ പേരിൽ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഫൈനാൻസ് ഇൻസ്പെക്ടർ വിംഗിന്റെ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ നടപടിക്രമങ്ങൾ പാലിച്ച് രണ്ട് മാസത്തിനകം നടപടി സ്വീകരിക്കുവാൻ 25-2-2003 ലെ 36766/എ72/01/എ.ഡി. നമ്പർ സർക്കാർ കത്തു പ്രകാരം കാർഷിക സർവ്വകലാശാലാ വൈസ് ചാൻസലർക്ക് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് കേരള കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചു വരികയുമാണ്.

(ഡി) കേരള ഗവൺമെന്റ് 1971-ൽ 33-ാം നമ്പർ ആയി പുറപ്പെടുവിച്ച ആക്ടും സ്റ്റാറ്റ്യൂട്ടുകളും അനുസരിച്ച് പ്രവർത്തിക്കുവാൻ കാർഷിക സർവ്വകലാശാല ബാദ്ധ്യസ്ഥമാണ്. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് സർക്കാർ നീട്ടിക്കൊടുത്ത സമയപരിധി കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly